**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2875 — 12.10.2011- ൽ മറുപടിയ്ക്ക്

**രാസവളങ്ങളുടെ വിലവർദ്ധനവ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) രാസവളങ്ങളുടെ വില വർദ്ധനവ് പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | എ) നെല്ല്, തെങ്ങ്, വാഴ തുടങ്ങിയ പ്രധാന വിളകൾക്ക് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സബ്സിഡി നൽകി വരുന്നുണ്ട്. നെൽ കർഷകർക്ക് ഹെക്ടറിന് 1500 / - രൂപ ക്രമത്തിൽ സുസ്ഥിര നെൽ കൃഷി പദ്ധതിയിൽ രാസവളം ഉൾപ്പെടെയുള്ള ഉപാധികൾക്ക് ധനസഹായം നൽകുന്നുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരമുള്ള പദ്ധതികളിലും നെൽകർഷകർക്ക് രാസവളം അടക്കമുള്ള ഉല്പാദന ഉപാധികൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. നാളീകേര വികസന ബോർഡിന്റെ പദ്ധതി നടപ്പിലാക്കുന്ന കൊല്ലം, തിരുവനന്തപുരം തൃശ്ശൂർ ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ നാളീകേര കർഷകർക്ക് സൗജന്യമായി വളം വിതരണം ചെയ്യുന്നു. കൂടാതെ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിലും സബ്സിഡി നിരക്കിൽ രാസവളം വിതരണം ചെയ്യുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ